നിരൂപണം

# ചവുട്ടിമെതിച്ചിട്ടും കിളിർക്കുന്ന പുല്ലുകൾ

സുധീർ പണിക്കവീട്ടിൽ




അമേരിക്കൻ മലയാളിയായ എഴുത്തുകാരി സരോജ വർഗ്ഗീസിന്റെ പ്രഥമ നോവലാണ് മിനിക്കുട്ടിയെന്ന സൂസമ്മ. ഇനിയും പുസ്തകരൂപത്തിലാക്കിയിട്ടില്ലാത്ത ഈ നോവൽ അമേരിക്കയിൽ നിന്നുള്ള മലയാള പ്രസിദ്ധീകരണം ഇ-മലയാളി ഖണ്ഡശ്ശ പ്രസിദ്ധീകരിച്ചിരുന്നു. ദുരൂഹതകളില്ലാതെ, സങ്കീർണ്ണതകളില്ലാതെ, സാഹസികതകളില്ലാതെ, വളരെ ലളിതമായ ഒരു കഥാഖ്യാന രീതിയാണു ശ്രീമതി സരോജ സ്വീകരിച്ചിരിക്കുന്നത്. പ്രമേയങ്ങളിൽ പുതുമ കൊണ്ടുവരാനും രചനയിൽ പരീക്ഷണങ്ങൾ നടത്താനൊന്നും അവർ ശ്രമിക്കുന്നില്ല. എന്നാൽ ആഖ്യാനത്തിലും വിവരണങ്ങളിലും മിതത്വം പാലിച്ച് കൊണ്ട് അതിഭാവുകത്വം തീരെ കടന്നുവരാത്തവിധമാണു രചന. അവിശ്വസനീയത പകരുന്ന സന്ദർഭങ്ങൾ വിവരിക്കുമ്പോഴും ആകസ്മികമായ സംഭവങ്ങൾ ജീവിതത്തിലും ഉണ്ടാകമല്ലോ എന്ന യുക്തിയിൽ നോവലിസ്റ്റ് ന്യായം കാണുന്നു. ഒരു പരിധി വരെ അത് ശരിയാണ്.

സ്ത്രീത്വം ചൂഷണം ചെയ്യപ്പെടുന്ന കഥയാണിതിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്. ദാരിദ്ര്യമാണ് ആ ചൂഷണത്തെ സഹായിക്കുന്ന ഘടകവും. ഒരു നാട്ടിൻപുറത്തുകാരിയായ നഴ്സിൻെറ കഥ ആരംഭിക്കുന്നതിനു മുമ്പ് തന്നെ സാമ്പത്തിക പരാധീനത അനുഭവിക്കുന്ന മാതാപിതാക്കളുടെ ഒരു ചിത്രം നോവലിസ്റ്റ് വരച്ചിടുന്നുണ്ട്. അതുകൊണ്ട് ഇതിൽ ഒരു മുതലാളിയുണ്ട് അയാൾക്ക് ദരിദ്രരായ സൂസമ്മയുടെ കുടുമ്പത്തിനെ സഹായിക്കാൻ മനസ്സുണ്ട്. എന്നാൽ മുതലാളി പരസ്പര സഹായത്തിൽ വിശ്വസിക്കുന്നവനാണ്. വെറുതെ തൻെറ പണം അവർക്ക് കൊടുക്കാൻ അയാൾക്ക് മനസ്സില്ല. സൂസമ്മയുടേയും അമ്മയുടേയും മനസ്സിൽ അയാൾക്ക് ഒരിടം വേണം. അയാൾ ആ ആശ സൂസമ്മയുടെ അടുത്ത് പ്രകടിപ്പിച്ചെങ്കിലും സദാചാരനിഷ്ഠതയോടെ അവൾ അതിനെ ചെറുത്തു നിന്നു. ഫലമോ കുടുംബം കുടിയൊഴിക്കപ്പെട്ടു. പാവപ്പെട്ട സ്ത്രീയുടെ കന്യകാത്വത്തിനും ചാരിത്ര്യത്തിനും പണമുള്ളവർ വിലകൽപ്പിക്കുന്നില്ലെന്ന സത്യം ഇവിടെ മറ നീക്കപ്പെടുന്നു. സ്ത്രീ വഴങ്ങിയാലും അവളെ ബലമായി വശപ്പെടുത്തിയാലും സമൂഹം അവരെ ക്രൂശിക്കും. ഇതു വളരെ പുരാതനമായ ഒരു സത്യം. എഴുത്തുകാർ ഈ സത്യം ഒത്തിരി നുണകൾ കൂട്ടി എത്രയോ എഴുതിയിരിക്കുന്നു. ശ്രീമതി സരോജക്ക് നുണ കലർത്തുന്നതിൽ പ്രിയമില്ല. അവർ യാഥർഥ്യങ്ങളിലേക്ക് ഇറങ്ങി ചെല്ലുന്നു. സാഹചര്യങ്ങൾ നിസ്സഹായതയെ ചൂഷണം ചെയ്യുന്ന ഒന്നാം രംഗത്തിൽ അതായ്ത് മുതലാളിയുടെ ഇംഗിതത്തിനു വഴങ്ങാത്തതിൻെറ പേരിൽ കുടിയൊഴിക്കപ്പെട്ടപ്പോൾ ഒരു വൈദികൻ അവർക്ക് രക്ഷയായി എത്തുന്നു. സന്മാർഗ്ഗങ്ങളിലൂടെ സഞ്ചരിക്കുമ്പോൾ ദൈവം കാവൽ നിൽക്കുന്നു എന്ന സന്ദേശം നോവലിസ്റ്റ് ഇവിടെ തരുന്നു.

ഈ കഥ നടക്കുന്നത് വർഷങ്ങൾക്ക് മുമ്പാണെന്ന ഒരു സൂചന നമുക്ക് കിട്ടുന്നുണ്ട്. മലയാളി സമൂഹം എപ്പോഴും ക്രൂശിച്ചിട്ടുള്ള നേഴ്സ് എന്ന ജോലിയിൽ സൂസ്സമ്മയെ നോവലിസ്റ്റ് പ്രവേശിപ്പിക്കുന്നു. ഗ്രാമത്തിൻെറ നിഷ്ക്കളങ്കതയും പരിശുദ്ധിയുമുള്ള സുന്ദരിയായ ഒരു പെൺകുട്ടിയിൽ നഗരം കാമക്കണ്ണുകൾ ഉടക്കുന്നതും അവളെ റാഞ്ചാൻ തക്കം നോക്കുകയും ചെയ്യുന്നുന്നതിൻെറ നേരിയ സൂചന സൂസ്സമ്മയുടെ കൂട്ടുകാരിയുടെ ബന്ധുവിൻെറ സംസാരങ്ങളിലൂടെ പ്രകടിപ്പിക്കുന്നുണ്ടെങ്കിലും സൂസമ്മ അതറിയുന്നില്ല. അവൾ കാപട്യമറിയാത്ത ഒരു വെള്ളരിപ്രാവ്. തന്നെയറിയുന്ന താൻ അറിയുന്ന ഒരളെ എന്തിനു സംശയിക്കണം. തന്നിൽ വിശ്വാസമർപ്പിച്ച ഇരയെ റാഞ്ചാൻ അയാൾക്കും എളുപ്പമായിരുന്നു. റാഞ്ചലിൽ സൂസമ്മയുടെ വിലപ്പെട്ടതൊക്കെ നഷ്ടപ്പെട്ടു. സാഹചര്യങ്ങൾ അവസരത്തെ ചൂഷണം ചെയ്യുകയാണു രണ്ടാം രംഗത്തിൽ. ഇവിടെ പെൺകുട്ടിക്ക് എല്ലാം നഷ്ടപ്പെടുമ്പോൾ ദൈവം പ്രത്യക്ഷപ്പെടുന്നില്ല. ലക്ഷ്യസ്ഥനത്തെത്തുന്നതിനു മുമ്പ് എന്തൊക്കെ പ്രലോഭനങ്ങൾ ഉണ്ടായാലും പതറരുതെന്ന ഒരു താക്കീതാണു പെൺകുട്ടിക്ക് ഇത്ര വലിയ ഒരു ശിക്ഷ കൊടുത്ത്കൊണ്ട് നോവലിസ്റ്റ് പറയുന്നത്. കൂട്ടുകാരിയുടെ ബന്ധുവാണെങ്കിലും തന്നോട് ഒരു അങ്കിളിനെപോലെ പെരുമാറുന്നെങ്കിലും അയാളെ വിശ്വസിക്കരുതായിരുന്നു. എന്നാൽ

ദൈവം കരുണാമയനാണെന്ന് ദൈവ ഭക്തയായ എഴുത്തുകാരി തുടർന്നുള്ള കഥകളിലൂടെ വെളിപ്പെടുത്തുന്നു.

എന്തു ചെയ്യണമെന്നറിയാതെ അവൾ വിശാലമായ ലോകത്തേക്ക് നടക്കുന്നു. ഈ രംഗം വളരെ വികാരഭരിതമാകേണ്ടതാണെങ്കിലും എഴുത്തുകാരി ദ്രുതഗതിയിലുള്ള ഒരു ആഖ്യാനമാണ് സ്വീകരിച്ചിട്ടുള്ളത്. സൂസമ്മയുടെ ഗ്രാമവും അവിടത്തെ സ്നേഹപൂർണ്ണമായ ജീവിതവും വിവരിച്ചതിൽ നിന്നും സൂസമ്മയുടെ നിസ്സഹയാവസ്ഥയിൽ വായനകാരൻ പരിതപിക്കുമെങ്കിലും നോവലിസ്റ്റ് അശരണയായ സൂസമ്മയെപ്പറ്റി അധികം പറയുന്നില്ല.. എന്നാൽ പെട്ടിയുമെടുത്ത് നടക്കുന്ന സൂസമ്മ വഴിയിൽ കണ്ട ഒരു കാറിൽ കയറുന്നത് അവിശ്വസനീയമായി തോന്നാം. ഇനിയെന്തു വരാൻ എന്ന ചിന്താഗതിയാണോ വിളിക്കുന്നവർ തന്നെ രക്ഷിക്കുമെന്ന വിശ്വാസം ആണോ?. വിശ്വാസവഞ്ചനക്കിരയായ സൂസമ്മ എങ്ങനെ അപരിചതരെ വിശ്വസിക്കും? പരാജയങ്ങൾ ഏറ്റു വാങ്ങുമ്പൊഴും ശുഭാപ്തി വിശ്വാസം കൈവിടരുതെന്നു നോവലിസ്റ്റ് നായികയെ ഉപദേശിക്കയാകാം. എന്നാൽ ഈ പരീക്ഷണം സുരക്ഷ നൽകുന്നെങ്കിലും അതിലും ഒരു കച്ചവടക്കണ്ണുണ്ടെന്ന് നമ്മൾ കാണുന്നു. ഓരൊ തവണ ചവുട്ടി മെതിക്കപ്പെടുമ്പോഴും ജീവിതം തളിർക്കാൻ മോഹിക്കുന്നു. സാധുവായ ഒരു ഗ്രാമീണ പെൺകുട്ടിയിൽ സ്വപ്നങ്ങൾ ഉണരുന്നത് സ്വാഭാവികം. ഇവിടെ അവളുടെ നിസ്സഹായത സാഹചര്യത്തിനു വഴങ്ങികൊടുക്കുന്നു. അവളുടെ ജീവിതത്തിലെ പരീക്ഷണത്തിൻെറ മൂന്നാം ഘട്ടം. അപക്വയായ ഒരു പെൺകുട്ടിയുടെ തീരുമാനങ്ങൾ അവൾക്ക് ഗുണകരമാക്കികൊണ്ട് ദൈവം അവളെ തുണക്കുന്നു. പേരിനും പെരുമക്കും ആരോഗ്യത്തിനുപോലും ഹാനികരമാണെന്നറിഞ്ഞിട്ടും സൂസമ്മ കാറിലുണ്ടായിരുന്ന അപരിചിതരായ ദമ്പതികളുടെ ആവശ്യങ്ങൾ നിറവേറ്റാൻ തയ്യാറാകുന്നത് തനിക്ക് വീണ്ടും ഒരു നല്ല ജീവിതം കിട്ടുമെന്ന ആശയിലാണ്. ചവുട്ടി മെതിച്ചിട്ടും വീണ്ടും കിളിർക്കുന്ന പുല്ലു പോലെ ഒരു സാധാരണ നാട്ടുമ്പുറത്തുകാരിക്ക് ഒടുവിൽ അവളുടെ ജീവിതം പടുത്തുയർത്താനുള്ള ഒരു അത്താണി കിട്ടി. അവൾ അതിലൂടെ ജീവിതം തുടരാൻ പ്രാപ്തയായി.

പരീക്ഷണങ്ങളുടെ മൂന്നു ഘട്ടങ്ങളിലൂടെ കടന്നുപോകുന്ന ഒരു ഗ്രാമീണ പെൺകുട്ടിയുടെ ജീവിത കഥ. ദൈവമെന്ന സ്നേഹത്തിൻെറ ഒരു വിളക്ക് അണക്കാതെ അവൾ ഹ്രുദയത്തിൽ സൂക്ഷിച്ചിരുന്നു. പ്രയാസങ്ങളിലും, പരീക്ഷണങ്ങളിലും അതിൻെറ തിരിനാളം ഇളകി വെളിച്ചം കുറച്ചുവെങ്കിലും പിന്നെയവൾക്ക് അതിൽ നിന്നും പ്രകാശത്തിൻെറ മുഴുവൻ ശോഭയും കിട്ടി. കഥ ശുഭപര്യാന്തിയായി നോവലിസ്റ്റ് അവസാനിപ്പിച്ചിരിക്കുന്നു.

നോവലിൻെറ ചേരുവകൾ ചേരും പടി ചേർത്തിട്ടുണ്ടെങ്കിലും, പ്രതിദിനം നോവൽ രചനയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളെ മാർഗ്ഗദർശമാക്കാൻ നോവലിസ്റ്റ് മുതിരുന്നില്ല. അല്ലെങ്കിൽ തന്നെ പുരാതനമാണൊ,ആധുനികമാണോ, ഇതു രണ്ടുമല്ലാത്തതാണോ ശരിയായ നോവൽ രചന രീതിയെന്നു ആർക്കും തീരുമാനിക്കാൻ

കഴിയില്ലല്ലോ. കുറച്ച് പേർ  കുറച്ച് പേർക്ക് ഇഷ്ടമുള്ള രചന നിർവ്വഹിക്കുന്നു. പൊതുജനം ആ ഒഴുക്കിൽ ഒഴുകി പോകുന്നു. അതിൽ നിന്നെല്ലാം വ്യത്യസ്തമായി തൻേറതായ ശൈലി സ്വീകരിക്കാൻ ഒരു എഴുത്തുകാരനോ എഴുത്തുകാരിക്ക് സ്വാതന്ത്ര്യമുണ്ട്.

എഴുത്തുകാരിക്ക് എല്ലാ ഭാവുകങ്ങളും.

## ശുഭം